## 15 -ാം കേരള നിയമസഭ

## 1 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 560** **09-06-2021 - ൽ മറുപടിയ്ക്ക്**

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഗവേഷണ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | **Shri K. Radhakrishnan**<br>(പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഗവേഷണ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നത് സംബന്ധിച്ച 02.07.2009ലെ സ.ഉ(പി)നം.50/2009/പജപവവിവ ഉത്തരവിൽ ഗവേഷണ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിന് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ; | (എ) | ഇല്ല. സ.ഉ(പി)നം.50/2009/പജ.പവ.വി.വ തീയതി 02.07.2009 എന്ന ഉത്തരവിലെ B(viii) ക്ലോസിൽ എം.ഫിൽ, പി.എച്ച്.ഡി, എം.ടെക്, എം.ലിറ്റ് തുടങ്ങിയ കോഴ്സുകളിൽ യു.ജി.സി/ഗേറ്റ് പാസ്സാകാത്ത വിദ്യാർത്ഥികൾക്ക് കാലാകാലങ്ങളിൽ യു.ജി.സി അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെല്ലോഷിപ്പും, കണ്ടിജന്റ് ഗ്രാൻഡും ലഭിക്കുന്നതാണെന്നാണ് വ്യവസ്ഥചെയ്തിട്ടുള്ളത്. എന്നാൽ, ഗവേഷക വിദ്യാർത്ഥികൾക്ക് JRF ടെസ്റ്റിന് അപേക്ഷിക്കുന്നതിന് പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് യു.ജി.സി ഉയർന്ന പ്രായപരിധി 33 വയസ്സായി നിശ്ചയിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ജെ.ആർ.എഫ് ന് പ്രായ പരിധി നിശ്ചയിച്ചുകൊണ്ട് യു.ജി.സി. പുറപ്പെടുവിച്ച ഉത്തരവ് ദുർവ്യാഖ്യാനം ചെയ്തു പട്ടിക വിഭാഗത്തിൽപ്പെട്ട ഗവേഷണ വിദ്യാർത്ഥികൾക്ക് പട്ടിക ജാതി - പട്ടിക വർഗ്ഗ വികസന വകുപ്പ് വിദ്യാഭ്യാസ ആനുകൂല്യം നിഷേധിച്ചിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | ഗവേഷണ വിദ്യാർത്ഥികൾക്ക് പ്രായ പരിധി നിശ്ചയിച്ച പട്ടിക ജാതി - പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ തീരുമാനം പുന:പരിശോധിച്ച് പ്രായഭേദമന്യേ ഗവേഷണ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പട്ടികവിഭാഗത്തിൽപ്പെട്ട ഗവേഷക വിദ്യാർത്ഥികൾക്ക് സ.ഉ(പി)നം.50/2009/ പജ.പവ.വി.വ തീയതി 02.07.2009-ലെ നിബന്ധനകൾക്ക് വിധേയമായാണ് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നത്. എന്നാൽ യു.ജി.സി ഫെല്ലോഷിപ്പ് അനുവദിക്കുന്നതിന് യു.ജി.സി പ്രായപരിധി നിശ്ചയിച്ചിട്ടുള്ളതിനാൽ, ഗവേഷണ ബിരുദം നേടിയശേഷം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ലഭിക്കാനിടയുള്ള തൊഴിൽ, പദവി എന്നിവ കൂടി കണക്കിലെടുത്തുകൊണ്ട് ഉയർന്ന പ്രായപരിധി |

| | | | |
|---|---|---|---|
| | | | നിശ്ചയിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുവാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ